# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 29.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കഴിഞ്ഞ 10 വർഷത്തിനിടെ സ്ത്രീകളുടെ ക്ഷേമത്തിനായി അഭൂതപൂർവമായ പ്രവർത്തനങ്ങളാണ് രാജ്യത്തു നടക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
   **Unprecedented work for women welfare has been done in the last 10 years, says Prime Minister Narendra Modi.**
2. പ്രധാനമന്ത്രി നാളെ മഹാരാഷ്ട്രയിൽ വിവിധ വികസനപദ്ധതികൾക്ക് തുടക്കം കുറിക്കും; ആലപ്പുഴയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ മൂന്നാം ഘട്ട നിർമ്മാണോദ്ഘാടനം നാളെ ഓൺലൈനായി നിർവഹിക്കും.
   **The Prime Minister to inaugurate various development projects in Maharashtra tomorrow; The third phase of construction of Arthunkal Fishing Port in Alappuzha will also be inaugurated via online.**
3. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗിക പീഡന പരാതികൾ സ്വീകരിക്കുന്നതിനുള്ള കേന്ദ്രീകൃത സംവിധാനമായ ഷീ-ബോക്സ് പോർട്ടൽ കേന്ദ്രമന്ത്രി അന്നപൂർണാ ദേവി ഉദ്ഘാടനം ചെയ്തു.
   **Union Minister  Annpurna Devi  inaugurates new She-Box Portal to deter Sexual Harassment of Women at Workplace.**
4. രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് തിരുവനന്തപുരത്തെത്തി.
   **Union Defense Minister Rajnath Singh arrive in Thiruvananthapuram on a two-day visit.**
5. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ പ്രതിഷേധം ശക്തം; ആരോപണ വിധേയനായ എം മുകേഷ് **MLA**, രാജി വെക്കണമെന്ന് പ്രതിപക്ഷ

നേതാവ്; അടുത്തമാസം മൂന്നു വരെ മുകേഷിന്റെ അറസ്റ്റ് തടഞ്ഞ് കോടതി ഉത്തരവ്.

**Strong Protest in Kerala in the wake of the Hema committee report; Opposition leader demands resignation of accused M Mukesh MLA ; court stays Mukesh's arrest untill the third of next month.**

6. പാരീസ് പാരാലിമ്പിക്സിൽ മെഡൽ പ്രതീക്ഷയുമായി ഇന്ത്യൻ താരങ്ങൾ. പുരുഷ - വനിതാ ബാഡ്മിന്റണിൽ ഇന്ന് ഇന്ത്യക്ക് മുന്നേറ്റം.

**Indian athletes with medal hopes in Paris Paralympics; India clinche victories in both men's and women's badminton matches today.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## PM-LAKHPATI

കഴിഞ്ഞ 10 വർഷത്തിനിടെ സ്ത്രീകളുടെ ക്ഷേമത്തിനായി അഭൂതപൂർവമായ പ്രവർത്തനങ്ങളാണ് രാജ്യത്തു നടക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്വാശ്രയ സംഘങ്ങളിലൂടെ ലഖ്പതി ദീദിമാർ രാഷ്ട്രനിർമ്മാണത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്നതായും അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ-സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ശാക്തീകരണത്തിലൂടെയെ സ്ത്രീ മുന്നേറ്റം സാധ്യമാകൂ എന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## PM- MAHARASHTRA VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്രയിലെ മുംബൈയിലും പാൽഘറിലും സന്ദർശനം നടത്തും. വിവിധ വികസനപദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. **വിശദാംശങ്ങളിലേക്ക്... (വോയ്സ്)**

## PM- MAHARASHTRA VISIT (VOICE)

രാവിലെ 11 മണിക്ക് മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഉച്ചയ്ക്ക് പാൽഘർ ജില്ലയിലെ സിഡ്കോ ഗ്രൗണ്ടിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും വധാവൻ തുറമുഖത്തിന്റെ തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. ഏകദേശം 76,000 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന വധാവൻ പോർട്ട്, ഇന്ത്യയിലെ ഏറ്റവും വലിയ ആഴക്കടൽ തുറമുഖങ്ങളിൽ ഒന്നായിരിക്കും. ഏകദേശം 1,560 കോടി രൂപയുടെ 218 ഫിഷറീസ് പദ്ധതികൾക്കും പ്രധാനമന്ത്രി ആരംഭം കുറിക്കും. മത്സ്യമേഖലയിൽ അഞ്ച് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾക്കാണ് ഇതോടെ തുടക്കമാവുക. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുള്ള ആശയവിനിമയ പിന്തുണാ സംവിധാനത്തിൻറെ ഉദ്ഘാടനവും ശ്രീ മോദി നാളെ നിർവഹിക്കും. കടലിൽ അകപ്പെട്ടു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും രക്ഷാപ്രവർത്തനത്തിനും സഹായിക്കുന്ന തദ്ദേശീയ സാങ്കേതികവിദ്യയാണിത്.

**ന്യൂസ് ഡെസ്ക് ആകാശവാണി....**

&&&&&&&&&&&&&&&&&&

## ARTHUNKAL - PM

ആലപ്പുഴയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ മൂന്നാം ഘട്ട നിർമ്മാണോദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ഓൺലൈനായി നിർവഹിക്കും. ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും. കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് മുഖ്യ പ്രഭാഷണം നടത്തും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ,

കെ.സി.വേണുഗോപാൽ എം.പി, മന്ത്രി പി. പ്രസാദ് തുടങ്ങിയവർ സംബന്ധിക്കും.

&&&&&&&&&&&&&&&&&&

## SHIVRAJ-EK PED MAA KE NAM

"ഏക് പേഡ് , മാ കെ നാം" പ്രചാരണ പരിപാടിയുടെ ഭാഗമായി ന്യൂഡൽഹിയിലെ കാർഷിക ഗവേഷണ കേന്ദ്രത്തിൽ , കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വൃക്ഷ തൈകൾ നട്ടു. ഒരേക്കറോളം സ്ഥലത്ത് "മാതൃ വനം " സ്ഥാപിക്കാൻ പദ്ധതിയിടുന്നതായി കേന്ദ്രമന്ത്രി പ്രഖ്യാപിച്ചു. അടുത്ത വർഷം മാർച്ചോടെ രാജ്യത്തുടനീളം 140 കോടി തൈകൾ നട്ടുപിടിപ്പിക്കാനാണ് കാമ്പയിൻ ലക്ഷ്യമിടുന്നതെന്ന് കാർഷിക മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## SHE BOX

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗിക പീഡന പരാതികൾ സ്വീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള കേന്ദ്രീകൃത സംവിധാനമായ ഷീ-ബോക്സ് പോർട്ടൽ ആരംഭിച്ചു. ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി അന്നപൂർണാ ദേവി , വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. രാജ്യത്തുടനീളം രൂപീകരിച്ചിട്ടുള്ള ആഭ്യന്തര - പ്രാദേശിക സമിതികൾ സമാഹരിക്കുന്ന വിവരങ്ങളുടെ, കേന്ദ്രീകൃത ശേഖരമായി ഷീ-ബോക്സ് പോർട്ടൽ പ്രവർത്തിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## KERALA- RAJNATH

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് തിരുവനന്തപുരത്തെത്തി.

വൈകിട്ട് തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ രാജ്യരക്ഷാമന്ത്രിയെ തിരുവനന്തപുരം പാങ്ങോട് മിലിട്ടറി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ സലിൽ എം.പി, പോലീസ് IG ജി.സ്പർജൻ കുമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. സ്വകാര്യ ടെലിവിഷൻ ചാനൽ സംഘടിപ്പിക്കുന്ന ചേഞ്ച് മേക്കേഴ്സ് കോൺക്ലേവിൽ നാളെ രാവിലെ ശ്രീ രാജ് നാഥ് സിംഗ് പങ്കെടുക്കും. കേന്ദ്രമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ALL PARTY MEETING

വയനാട് പുനരധിവാസത്തിന് ഇന്ന് ചേർന്ന സർവ്വകക്ഷിയോഗത്തിൻറെ പൂർണ പിന്തുണ. എല്ലാവരും ഒരേ മനസോടെ പിന്തുണ അറിയിച്ചതിൽ മുഖ്യമന്ത്രി നന്ദി രേഖപ്പെടുത്തി. പുനരധിവാസത്തിൻറെ ഭാഗമായി 1000 സ്ക്വയർഫീറ്റിൽ ഒറ്റനില വീടാണ് നിർമ്മിച്ചു നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് മുഖ്യമന്ത്രി യോഗത്തിൽ പറഞ്ഞു. കോഴിക്കോട് വിലങ്ങാടിലെ ദുരന്തബാധിതർക്കും പുനരധിവാസം ഉറപ്പാക്കും. പുനരധിവാസ പാക്കേജിൽ ജീവനോപാധി ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## V.D SATHEESAN - HEMA COMMITTY

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ അന്വേഷണം പ്രഖ്യാപിക്കുക, കുറ്റക്കാർക്കെതിരെ കേസ് എടുക്കുക, തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരളത്തിൽ വിവിധയിടങ്ങളിൽ പ്രതിഷേധ പരിപാടികൾ നടന്നു. ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ കൊല്ലം MLA, എം മുകേഷ് രാജിവയ്ക്കുന്നതാണ് ഉചിതമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. ഘടക കക്ഷികളിൽ നിന്നും ആവശ്യം

ഉയർന്നിട്ടും സി പി ഐ എം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നില്ലെന്നും അദ്ദേഹം ആരോപിച്ചു.

&&&&&&&&&&&&&&&&&&

## MUKESH – ARREST

നടനും എം എൽ എയുമായ എം മുകേഷിനെ അറസ്റ്റ് ചെയ്യുന്നത് അടുത്തമാസം മൂന്നു വരെ തടഞ്ഞുകൊണ്ട് എറണാകുളം ജില്ലാ സെഷൻസ് കോടതി ഉത്തരവിട്ടു. പീഡനാരോപണത്തെ തുടർന്ന് എറണാകുളം മരട് പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ മുകേഷിന്റെ മുൻകൂർ ജാമ്യാപേക്ഷയിലാണ് ഉത്തരവ്. മുകേഷ്, MLA സ്ഥാനത്തുനിന്ന് മാറി നിൽക്കുന്നതാണ് ഉചിതമെന്ന് സി പി ഐ സംസ്ഥാന നേതൃത്വം അഭിപ്രായപ്പെട്ടു. അതേസമയം മുകേഷ് തത്ക്കാലം രാജി വക്കേണ്ടതില്ലെന്ന നിലപാടാണ് സി പി ഐ എം സ്വീകരിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## REV. J AND K ENCOUNTER

ജമ്മു കശ്മീരിലെ കുപ്‌വാര ജില്ലയിൽ നിയന്ത്രണ രേഖയിലുണ്ടായ രണ്ട് വ്യത്യസ്ത ഏറ്റുമുട്ടലുകളിൽ സൈന്യം മൂന്ന് ഭീകരരെ വധിച്ചു. മച്ചിൽ, താങ്ധർ മേഖലകളിലാണ് ഏറ്റുമുട്ടലുകൾ നടന്നതെന്ന് ജമ്മു കശ്മീർ പൊലീസ് അറിയിച്ചു. കഴിഞ്ഞദിവസം, രജൗരി ജില്ലയിലും സുരക്ഷാ സേനയും ഭീകരരുമായി ഏറ്റുമുട്ടലുണ്ടായിരുന്നു.

&&&&&&&&&&&&&&&&&&

## PM– SPORTS DAY

കായിക മേഖലയുടെ ശാക്തീകരണത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കൂടുതൽ യുവജനങ്ങൾ കായിക രംഗത്തേക്ക് കടന്നുവരുന്നത് ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. ദേശീയ കായിക

ദിനത്തോടനുബന്ധിച്ച് രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേരുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യൻ ഹോക്കി ഇതിഹാസം ധ്യാൻചന്ദിന്റെ ജന്മദിനമാണ് ദേശീയ കായിക ദിനമായി ആചരിക്കുന്നത്. മേജർ ധ്യാൻ ചന്ദിന് പ്രധാനമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## PARALYMPICS

പാരീസ് പാരാലിമ്പിക്സിൽ മെഡൽ പ്രതീക്ഷയുമായി ഇന്ത്യൻ താരങ്ങൾ. വനിതാ ബാഡ്മിൻറൺ സിംഗിൾസിൽ ഇന്ത്യയുടെ പലക് കോഹ്ലിക്ക് ജയം. ഫ്രഞ്ച് താരത്തെ നേരിട്ടുള്ള രണ്ട് സെറ്റുകൾക്ക് പരാജയപ്പെടുത്തിയാണ് മുന്നേറ്റം. പുരുഷ വിഭാഗം സിംഗിൾസിൽ സുഹാസ് യതിരാജ്, തരുൺ ധില്ലൻ, സുകാന്ത് കദം എന്നിവരും മിക്സഡ് ഡബിൾസ് വിഭാഗത്തിൽ നിതേഷ് - തുളസിമതി സഖ്യവും വിജയിച്ചു. ഇന്ന് നടന്ന തയ്ക്കോണ്ടോ മത്സരത്തിൽ വനിതകളുടെ 47 കിലോ വിഭാഗത്തിൽ ഇന്ത്യയുടെ അരുണ പരാജയപ്പെട്ടു. പാരാ സൈക്ക്ലിങ്, അമ്പെയ്ത്ത് മത്സരങ്ങളിലും ഇന്ത്യൻ താരങ്ങൾ ഇന്ന് മത്സരിക്കും.

&&&&&&&&&&&&&&&&&&

## UPSC- AADHAR

യു പി എസ് സി പരീക്ഷകളിൽ ആധാർ അധിഷ്ഠിത പരിശോധന ഏർപ്പെടുത്താൻ നിർദ്ദേശം നൽകി കേന്ദ്ര സർക്കാർ. രജിസ്ട്രേഷൻ സമയം മുതൽ പരീക്ഷയുടെ വിവിധ ഘട്ടങ്ങളിലും നിയമന സമയത്തും ആധാർ അധിഷ്ഠിത പരിശോധന നടത്താം എന്നും സർക്കാർ അറിയിച്ചു. സിവിൽ സർവീസ് പരീക്ഷയ്ക്കിടെ പൂജ ഖേഡ്കർ എന്ന ഉദ്യോഗാർത്ഥി തിരിച്ചറിയൽ രേഖകളിൽ കൃത്രിമം കാണിച്ചെന്ന കണ്ടെത്തലിന്റെ പശ്ചാത്തലത്തിലാണ് നടപടി. ഇവരുടെ ഐഎഎസ് പദവി

റദ്ദാക്കുകയും പരീക്ഷകളിൽ നിന്നും ആജീവനാന്തം വിലക്കേർപ്പെടുത്തുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

## IMD-WEATHER

രാജ്യത്ത് സൗരാഷ്ട്ര കച്ച് മേഖലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഗോവ, മധ്യമഹാരാഷ്ട്ര, അസം, മേഘാലയ, നാഗാലാൻഡ്, മണിപ്പൂർ, മിസോറാം, ത്രിപുര സംസ്ഥാനങ്ങളിലും വരും ദിവസങ്ങളിൽ മഴ കനക്കുമെന്നാണ് കാലാവസ്ഥ മുന്നറിയിപ്പ്. അതേസമയം കനത്ത മഴയെത്തുടർന്ന് ഡൽഹിയിലെ വിവിധ പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമായി.

&&&&&&&&&&&&&&&&&&

## BJP-CEC MEETING

ബിജെപി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. പാർട്ടി ആസ്ഥാനത്ത് നടക്കുന്ന യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, പാർട്ടി അധ്യക്ഷൻ ജെ പി നഡ്ഡ, മറ്റ് മുതിർന്ന നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. വരാനിരിക്കുന്ന ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിനുള്ള സ്ഥാനാർഥി നിർണയം ഉൾപ്പടെ യോഗത്തിൽ ചർച്ചയാകും.

&&&&&&&&&&&&&&&&&&

## STOCK

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് നേട്ടത്തോടെ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 349 പോയിന്റ് നേട്ടത്തിൽ 82,135 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 100 പോയിന്റ് ഉയർന്ന് 25,152 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

&&&&&&&&&&&&&&&&&&

## JAISHANKAR- ISRAEL

ഇസ്രായേൽ ഡയറക്ടർ ജനറൽ യാക്കോവ് ബ്ലിറ്റ്സ്റ്റീൻ നുമായി വിദേശകാര്യമന്ത്രി എസ് ജയ് ശങ്കർ ഇന്ന് ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ഇസ്രായേൽ സഹകരണം ഇരുനേതാക്കളും ചർച്ച ചെയ്തു. മിഡിൽ ഈസ്റ്റിലെ നിലവിലെ സാഹചര്യത്തെക്കുറിച്ച് കാഴ്ചപ്പാടുകൾ കൈമാറിയതായും ശ്രീ ജയ് ശങ്കർ സമൂഹ മാധ്യമ പോസ്റ്റിലൂടെ അറിയിച്ചു .

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&